പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 331 — 03.02.2020-ൽ മറുപടിക്ക്

## റേഷൻ സാധനങ്ങളുടെ തിരിമറി ഒഴിവാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.കെ.അബ്ദു റബ്ബ്**<br>**ശ്രീ.സി.മമ്മൂട്ടി**<br>**ശ്രീ.അബ്ദുൽ ഹമീദ് പി.**<br>**ശ്രീ.കെ.എൻ.എ ഖാദർ** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) റേഷൻ സാധനങ്ങളുടെ തിരിമറിയും കരിഞ്ചന്തയും വ്യാപകമാണന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഗോഡൗണുകളിൽ നിന്നുള്ള സാധനങ്ങൾ റേഷൻ കടകളിൽ എത്തിക്കുന്ന പ്രവർത്തനങ്ങളിൽ നിന്നും സ്വകാര്യ കരാറുകാരെ ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;<br>(സി) എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന ബദൽ മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ? | (ബി) & (സി) ഗോഡൗണുകളിൽ നിന്നുള്ള സാധനങ്ങൾ വാതിൽപ്പടി വിതരണത്തിലൂടെ റേഷൻ കടകളിൽ എത്തിക്കുന്ന പ്രവർത്തനങ്ങൾ നിലവിൽ ഇ-ടെണ്ടർ മുഖേന നിയമിച്ച സ്വകാര്യ കരാറുകാർ മുഖേന, നോഡൽ ഏജൻസിയായ സപ്ലൈകോ ആണ് നടത്തുന്നത്. നിലവിലുള്ള ഈ സംവിധാനത്തിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച് യാതൊരു തീരുമാനവും നാളിതുവരെ എടുത്തിട്ടില്ല. എന്നാൽ ജി.പി.എസ് ഘടിപ്പിച്ച വാഹനങ്ങൾ മാത്രം ടെണ്ടറിൽ ഉൾപ്പെടുത്താനും ഈ വാഹനങ്ങൾ മറ്റ് കാര്യങ്ങൾക്ക് ഉപയോഗിക്കാതിരിക്കാനും ഉള്ള തീരുമാനം എടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ